# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ആഫീസ്, തൃശ്ശൂർ

സാദ്ധ്യതാ പട്ടിക നമ്പർ : 5/2008/ടി.എസ്.ആർ — തൃശ്ശൂർ,
കാറ്റഗറി നമ്പർ : 095/2006 — 22.09.2008.

## വിജ്ഞാപനം

13.10.2006-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പിൽ 3350-5275 രൂപ (പി.ആർ) ശമ്പള നിരക്കിൽ വർക്ക് സൂപ്രണ്ട് (നേരിട്ടുള്ള നിയമനം) തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 95/2006) തെരഞ്ഞെടുപ്പിനായി 30.11.2007 തീയതിയിൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിലേക്ക് പരിഗണിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാദ്ധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്. രേഖകൾ പരിശോധിക്കുന്നതിനുള്ള തീയതി, സമയം, സ്ഥലം എന്നിവ ഈ വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുണ്ട്.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പറുകൾക്കു മുൻപിൽ, തൃശ്ശൂർ ജില്ലയെ സൂചിപ്പിക്കുന്ന (R) ചേർത്ത് വായിക്കേണ്ടതാണ്.

### ലിസ്റ്റ് I

**മുഖ്യ പട്ടിക**

100501 100503

**ഉപ പട്ടികകൾ**

ഇല്ല

# ലിസ്റ്റ് II

## മുഖ്യ പട്ടിക

| | | | | |
|---|---|---|---|---|
| 100023 | 100032 | 100038 | 100045 | 100103 |
| 100126 | 100135 | 100150 | 100180 | 100203 |
| 100255 | 100276 | 100277 | 100278 | |

## ഉപ പട്ടികകൾ

### 1. ഈഴവ

| | | | | |
|---|---|---|---|---|
| 100016 | 100031 | 100049 | 100144 | 100148 |
| 100188 | 100229 | 100246 | 100251 | |

### 2. പട്ടികജാതി

| | | | | |
|---|---|---|---|---|
| 100030 | 100134 | 100206 | 100217 | 100236 |
| 100273 | | | | |

### 3. പട്ടികവർഗ്ഗം

ഇല്ല

### 4. മുസ്ലീം

| | | | | |
|---|---|---|---|---|
| 100009 | 100029 | 100048 | 100124 | 100139 |

### 5. ലാറ്റിൻ കാത്തലിക്

ഇല്ല

### 6. ഒ.ബി.സി.

| | |
|---|---|
| 100046 | 100069 |

### 7. വിശ്വകർമ്മ

| | |
|---|---|
| 100130 | 100159 |

## 8. എസ്.ഐ.യു.സി നാടാർ/ ആംഗ്ലോ ഇൻഡ്യൻ

ഇല്ല

## 9. ഒ.എക്സ്.

ഇല്ല

## 10. ധീവര

ഇല്ല

കുറിപ്പ് 1:- അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും, നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാദ്ധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല.

കുറിപ്പ് 2:- അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാദ്ധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

പരീക്ഷയെഴുതിയ ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്ന ഒന്നാമത്തെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഈ സാദ്ധ്യതാ പട്ടികയുടെ ലിസ്റ്റ് I ലും, 60 (അറുപത്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച മറ്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഈ സാദ്ധ്യതാ പട്ടികയുടെ ലിസ്റ്റ് II ൻെറ മുഖ്യപട്ടികയിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നു.

സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ അപേക്ഷയിൽ അവകാശപ്പെട്ടിരുന്ന കാര്യങ്ങൾ അതായത് ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും - തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും, സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും, പി.എസ്.സി യുടെ തൃശ്ശൂർ ജില്ലാ ആഫീസിൽ താഴെ പറയുന്ന തീയതിയിലും സമയത്തും നേരിട്ട് ഹാജരാക്കേണ്ടതാണ്.

## സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്ന തീയതിയും സമയവിവരവും

സ്ഥലം:- കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ആഫീസ്, എം.ജി.റോഡ്, തൃശ്ശൂർ.

| | | |
|---|---|---|
| 07/10/2008 | 11.00 am | ലിസ്റ്റ് I ലുള്ള ഉദ്യോഗാർത്ഥികൾ<br>ലിസ്റ്റ് II ലെ മുഖ്യപട്ടികയിലുള്ള ഉദ്യോഗാർത്ഥികൾ |
| 07/10/2008 | 02.00 pm | ലിസ്റ്റ് II ലെ ഉപ പട്ടികകളിലുള്ള ഉദ്യോഗാർത്ഥികൾ |

സാദ്ധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ രജിസ്റ്റർ നമ്പറുകളും അവ അസാധുവാക്കിയതിനുള്ള കാരണങ്ങളും വിവരിക്കുന്ന വിജ്ഞാപനം കൂടി വായിക്കേണ്ടതാണ്. ഈ വിജ്ഞാപനം പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

ഈ സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും 25/08/2007 ലെ സർക്കാർ ഉത്തരവ് (പി)46/2007/എസ്.സി.എസ്.റ്റി.ഡി.ഡി പ്രകാരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ പിന്നോക്ക സമുദായങ്ങളിൽപെട്ട ഉദ്യോഗാർത്ഥികൾ, തങ്ങൾ ഹാജരാക്കേണ്ടതായ മറ്റു പ്രമാണങ്ങളോടൊപ്പം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മുഖ്യ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹതയില്ലാത്ത 'ഓപ്പൺ കോമ്പറ്റീഷൻ' വിഭാഗം ഉദ്യോഗാർത്ഥികളായി പരിഗണിയ്ക്കുന്നതാണ്. പിന്നോക്ക സമുദായങ്ങളുടെ ഉപപട്ടികയിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്ത പക്ഷം, അവരുടെ രജിസ്റ്റർ നമ്പറുകൾ ഇനി ഒരറിയിപ്പ് കൂടാതെ ഈ സാദ്ധ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ, വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ സമയ വിവരപട്ടികയിൽ കാണിച്ചിട്ടുള്ള ദിവസവും സമയവും കൃത്യമായി മനസ്സിലാക്കി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് അന്നേ ദിവസം കൃത്യ സമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല. ആയതിലേക്ക് ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത കത്തുകൾ അയക്കുന്നതാണ്.

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ

| | | |
|---|---|---|
| 1. ജനനത്തീയതി, വയസ്സ് | : | എസ്.എസ്.എൽ.സി യുടെ ബന്ധപ്പെട്ട പേജ്/ തത്തുല്ല്യ സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും) |
| 2. വിദ്യാഭ്യാസ യോഗ്യത | : | 1.എസ്.എസ്.എൽ.സി/ തത്തുല്ല്യ യോഗ്യതാ സർട്ടിഫിക്കറ്റ്<br>2. ഈ തസ്തികയ്ക്ക് ഗസറ്റ് വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സലും, ശരിപ്പകർപ്പും |
| 3. ജാതി, സമുദായം (സംവരണാനുകൂല്യത്തിന്) | : | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്/ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും) (നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, 25/08/2007 ലെ സർക്കാർ ഉത്തരവ് (പി)46/2007/ എസ്.സി.എസ്.റ്റി. ഡി.ഡി പ്രകാരമുള്ളത്) |

4. വികലാംഗർ : അംഗവൈകല്യം സംബന്ധിച്ച് മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റും ശരിപ്പകർപ്പും

5. വിമുക്തഭടന്മാർ : ഡിസ്ചാർജ് സർട്ടിഫിക്കറ്റ് പെൻഷൻ പേയ്മെൻറ് ഓർഡർ എന്നിവയുടെ അസ്സലും ശരിപ്പകർപ്പും

6. കായികതാരങ്ങൾ : കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ശരിപ്പകർപ്പുകളും

7. സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ : ബന്ധപ്പെട്ട ആഫീസ് മേധാവിയിൽ നിന്നോ വകുപ്പു മേധാവിയിൽ നിന്നോ ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്/ സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ

8. പേര് ജനനത്തീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം : പേര്, ജനനത്തീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനവും ശരിപ്പകർപ്പും

9. മറ്റേതെങ്കിലും അർഹത : മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ശരിപ്പകർപ്പും.

മുകളിൽ പറഞ്ഞ പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും മറ്റു രേഖകളും, വെരിഫിക്കേഷൻ സമയത്തിനു ശേഷം ഹാജരാക്കാൻ മറ്റൊരവസരം കൂടി നൽകുന്നതല്ല.

(കമ്മീഷൻെറ ഉത്തരവിൻ പ്രകാരം)

റ്റി.എൽ.വിനോദ്കുമാർ
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ

വിതരണാനുമതി നൽകുന്നു

സെക്ഷൻ ആഫീസർ
R III സെക്ഷൻ